(ബി) (എ)യ്ക്കു നൽകിയ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) താമൂക്കുകളുടേയും വില്ലേജുകളുടേയും പുനർവിഭജനത്തിലേക്കായി നിയുക്തമായിട്ടുള്ള കമ്മിറ്റിയാണ് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടത്.

പഞ്ചായത്ത് മെമ്പറന്മാരുടെ ഭരണകാലാവധി.

* 312 [87] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പഞ്ചായത്ത് മെമ്പറന്മാരുടെ ഭരണകാലാവധി എന്നുവരെയാണ്;

(ബി) അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിനുമുമ്പായി പഞ്ചായത്തുകളുടെയും വാർഡുകളുടേയും അതിർത്തികൾ ഭേദപ്പെടുത്തുവാൻ താമസമെന്നു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇപ്പോഴുള്ള പഞ്ചായത്ത് മെമ്പറന്മാരുടെ ഭരണകാലാവധി 1956 ആഗസ്റ്റ് 15-നു- വരെയാണ്.

(ബി) പൊതുവേ പഞ്ചായത്തുകളുടേയും വാർഡുകളുടേയും അതിർത്തികൾ ഭേദപ്പെടുത്തുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

Building materials and monetary grants under the Settlement Scheme.

* 313 [88] SHRI V. V. SEBASTIAN: Will the Minister for Local Self Government be pleased to state:

(*a*) how many homeless persons have been given building materials and monetary grants under the Settlement scheme during 1953-54 and 1954-55;

(*b*) have the Panchayats in the State been asked to furnish a list of deserving persons owning less than ten cents of land but without homes for the purpose of giving such building grant;

(*c*) when was such requisition made;

(*d*) have the Panchayats furnished the lists called for;

(*e*) has any such grant been given since then and if so, to how many persons in each of the Panchayats?

Minister for Local Self Government: (SHRI K. KOCHUKUTTAN:)

(*a*) 1953-54 .... 100 persons
1954-55 .... 14 ,,

LIBRARY ARCHIVES Kerala Legislative Assembly

(*b*) Yes.

(*c*) A circular was issued on 4-5-1954.

(*d*) Most of the Panchayats have sent the list.

(*e*) Four persons in the Mangalapuram Panchayat.

Besides this, very recently, Government have also sanctioned the supply of building materials and monetary grant to 70 persons in the Panchayats noted below. Steps have been taken for supplying the materials through contract agencies.

Thirumala	..	3
Vattiyurkavu	..	4
Randamada	..	9
Karakulam	..	10
Kazhakuttam	..	10
Andoorkonam	..	8
Sreekaryam	..	10
Perinad	..	4
Punnapra	..	4
Kidangoor	..	8
Total	..	70

UNSTARRED QUESTIONS AND ANSWERS.

137. [1] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഓരോ പഞ്ചായത്തിലെയും ഇറിഗേഷൻ, റോഡു നിർമ്മാണം മെയിൻറനൻസു വർക്കുകൾ ചെയ്തീർക്കാനുള്ള ചുമതലയും, അതു ഫലപ്രദമായി നിർവഹിക്കാനാവശ്യമായ ഫണ്ടും അതാതു വർഷത്തിൽ പഞ്ചായത്തുകൾ തയാറാക്കി അയയ്ക്കുന്ന എസ്റ്റിമേറ്റുകളും അംഗീകരിച്ചുകൊണ്ടു പഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ തയ്യാറാകുമോ;

(ബി) അങ്ങനെ ചെയ്യാൽ ഈ ഇനങ്ങളിൽ ഇന്നു ചെലവാകുന്ന തുകയിൽ കുറഞ്ഞ തുകകൊണ്ടു കുറെക്കൂടി മെച്ചമായി പണികൾ ചെയ്തീർക്കാൻ കഴിയുകയില്ലേ?

ഉത്തരം.

(എ) പഞ്ചായത്തുകൾ രൂപീകരിച്ചിട്ട് രണ്ടു കൊല്ലങ്ങൾ മാത്രം ആയിട്ടുള്ളതുകൊണ്ട്, പഞ്ചായത്തുകളുടെ പൊതുവേയുള്ള ധനസ്ഥിതി, ചോദ്യത്തിൽ പറയുന്ന കാര്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമല്ലാത്തതിനാലും, പഞ്ചായത്തുകളിലെ ഇറിഗേഷൻ, റോഡുനിർമ്മാണം, മെയിൻറനൻസ് മുതലായ ജോലികൾ കാര്യക്ഷമമായി നടത്തിക്കുന്നതിന് വേണ്ട സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥന്മാർ പഞ്ചായത്തുകളിൽ ഇല്ല

LIBRARY ARCHIVES Kerala Legislative Assembly